**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3574 | | 11.12.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പൊതുസ്ഥലം മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | ഹൈക്കോടതിയുടെ വിധി ലംഘിച്ച് അനസ്യൂതം മാലിന്യം വലിച്ചെറിഞ്ഞ് പൊതുഇടങ്ങളും റോഡുകളും വഴികളും മലിനപ്പെടുത്തുന്ന പ്രവണത തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യാപകമായി ഇത്തരത്തിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത പൊതു ജനങ്ങൾക്കിടയിൽ ഇല്ല എന്നിരുന്നാലും ചില ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ ശിക്ഷ നടപടികളാണ് സ്വീകരിച്ച വരുന്നത്; | (ബി) യും (സി) യും | പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 (എസ്) വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) വകുപ്പ് എന്നിവ പ്രകാരം 500/- രൂപയിൽ കുറയാതെയും 2000/- രൂപ വരെ ആകാവുന്നതുമായ പിഴ ഈടാക്കാവുന്നതാണ്. പൊതു ജലാശയത്തിലോ, ജലമാർഗ്ഗത്തിലോ, ചപ്പുചവറുകളോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളുടെ അവശിഷ്ടങ്ങളോ നിക്ഷേപിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നതിന് മേൽ വകുപ്പുകൾ പ്രകാരം ജാമ്യമില്ലാക്കുറ്റമായി പരിഗണിക്കാവുന്നതും 10,000/- രൂപ മുതൽ 25,000/- രൂപ വരെ പിഴ ശിക്ഷയോ, ഒരു വർഷം വരെ തടവു ശിക്ഷയോ ലഭിക്കാവുന്നതാണ്. കൂടാതെ മേൽ പ്രസ്താവിച്ച തരത്തിലുള്ള പ്രവൃത്തികൾക്ക് 2018-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്ട് പ്രകാരം മൂന്ന് വർഷം വരെ തടവുശിക്ഷയോ, രണ്ട് ലക്ഷം വരെ പിഴയോ, രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്.<br>സംസ്ഥാന പോലീസ് മേധാവി 14/11/2016-ൽ പുറപ്പെടുവിച്ച 9/2016-ാം നമ്പർ എക്സിക്യൂട്ടീവ് ഡയറക്റ്റീവ് പ്രകാരം പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിയുകയും അന്തരീക്ഷവും ജലാശയങ്ങളും മലിനപ്പെടുത്തുന്നതിനുമെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>അനുവദനീയമല്ലാത്ത സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക, സ്വകാര്യ ഇടങ്ങളിൽ അലക്ഷ്യമായോ, അസഹനീയത ഉണ്ടാക്കും വിധം മാലിന്യങ്ങൾ നിക്ഷേപിക്കുകയോ, കൈകാര്യം ചെയ്യുക, മാലിന്യ സംസ്കരണ/ |
| (സി) | മേൽ സൂചിപ്പിച്ച പ്രകാരം പൊതുയിടങ്ങൾ മലിനപ്പെടുത്തുന്നവർക്കതിരെ കർക്കശ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജന നടപടി നിർദ്ദേശിച്ചിട്ടും നടപ്പാക്കാതിരിക്കുക എന്നീ പ്രവൃത്തികൾക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ടുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമായ അധികാരമനുസരിച്ചുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനായി പരിഹാര നടപടി നിർദ്ദേശിക്കുകയോ, നടപ്പാക്കാത്ത പക്ഷം ആയത് പ്രാവർത്തികമാക്കിക്കൊണ്ട് റവന്യൂ റിക്കവറി സമ്പ്രദായത്തിൽ ചെലവ് ഈടാക്കുകയോ ചെയ്യാവുന്നതാണ്.<br>പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പൊതു ഇടങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർക്കശ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ